# യോഹ 21: 1-14

മെയ് 6 ഞായർ

## ഭാഷ്യം

### I. സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിന്റെ അനുബന്ധമാണ് 21-ാം അദ്ധ്യായം. ഉത്ഥാനത്തിനു ശേഷം യേശു ശിഷ്യന്മാർക്ക് തിബേരിയാസ് കടൽത്തീരത്ത് പ്രത്യക്ഷപ്പെടുന്ന സംഭവമാണ് ഈ അദ്ധ്യായം മുഴുവൻ.

### II. പ്രമേയം

തിബേരിയാസ് കടൽത്തീരത്തെ അത്ഭുതകരമായ മീൻപിടുത്തമാണ് പ്രമേയം. ഇതിനെ യേശുവിന്റെ വെളിപ്പെടുത്തലായിട്ടാണ് സുവിശേഷകൻ വിവരിക്കുന്നത് (21:1). സമാനമായ സമൃദ്ധിയുടെ ഒരത്ഭുതം സുവിശേഷത്തിന്റെ ആരംഭത്തിലും കാണാം (2:1-11). അതും യേശുവിന്റെ വെളിപ്പെടുത്തലായിട്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത് (2:11). രണ്ട് അത്ഭുതങ്ങളുടെയും പരിണതഫലം യേശുവിലുള്ള ശിഷ്യരുടെ വിശ്വാസമാണ് (2:11 -21:15-17).

### III. സന്ദേശം

1. പീഡാസഹനത്തിലും മരണത്തിലും യേശുവിനെ ഉപേക്ഷിച്ചു കടന്നുകളഞ്ഞ ശിഷ്യന്മാരാണ് മീൻപിടുത്തത്തിലേക്ക് തിരികെപ്പോകുന്നത് (21:2-4). അവരുടെ പുറകെയാണ് യേശു നടക്കുന്നത്. ശിഷ്യർ യേശുവിനെ ഉപേക്ഷിച്ചിട്ടും, യേശു ശിഷ്യരെ ഉപേക്ഷിക്കുന്നില്ല എന്നർത്ഥം. ഇതാണ് സത്യം. നീ ഉപേക്ഷിച്ചാലും യേശു നിന്നെ ഉപേക്ഷിക്കില്ല. പ്രത്യേകിച്ച് നിന്റെ വീഴ്ചകളുടെയും പരാജയത്തിന്റെയും കാലങ്ങളിൽ നിന്റെ വല നിറയെ മീനും, തീരത്തൊരുക്കിയ പ്രാതലുമായി അവൻ വരും.

2. കടൽക്കരയിൽ നിൽക്കുന്നവൻ യേശുവാണെന്ന് ശിഷ്യർ മനസ്സിലാക്കുന്നില്ല (21:4). യേശുവിനെ ആദ്യം തിരിച്ചറിയുന്നത് അവൻ സ്നേഹിച്ച ശിഷ്യനാണ് (21:7). സ്നേഹത്തിന്റെ പശ്ചാത്തലത്തിലാണ് പല തിരിച്ചറിവുകളും നടക്കുന്നത്. അതിനാൽ നിന്റെ സ്നേഹബന്ധങ്ങളെ നീ പരിപോഷിപ്പിക്കുക. പ്രഭാതത്തിന്റെ ഇരുളിമയിൽ കടൽക്കരയിൽ നിൽക്കുന്നവനെ തമ്പുരാനായി തിരിച്ചറിയാൻ നിന്നെ പ്രാപ്തനാക്കുന്നത് നിന്റെ സ്നേഹബന്ധങ്ങളായിരിക്കും.

3. കർത്താവാണെന്നറിഞ്ഞപ്പോൾ നിറവല ഉപേക്ഷിച്ചാണ് പത്രോസ് കടലിലേക്ക് ചാടുന്നത് (21:7). മുമ്പ് മീൻപിടിക്കാനായി എടുത്തു ചാടുന്നതും പത്രോസു തന്നെയാണ് (21:3). എടുത്തുചാട്ടത്തെ പത്രോസിന്റെ ബലഹീനത കളായി കരുതാം. എന്നാൽ ആ ബലഹീനതകളോടെയാണ് യേശു അവനെ അജപാലകനാക്കുന്നത് (21:8). നിന്റെ ബലഹീനതകകളെക്കുറിച്ച് അപകർഷ താബോധം വേണ്ട. അവയെ കർത്താവിന് സമർപ്പിക്കുക. അവയിലൂടെ അത്ഭുതങ്ങൾ രചിക്കാൻ തമ്പുരാന് കഴിയും.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: ദൈവാനുഭവത്തിന്റെ ഭക്ഷണം

ഇന്നത്തെ തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം കർത്താവിന്റെ കരുതൽ, സ്നേഹം ഇവ എന്നും നിലനിൽക്കുന്ന താണ് എന്നുള്ളതാണ്. ഒരു മനുഷ്യന്റെ ജീവിതത്തിലെ രണ്ടു തലങ്ങളെക്കു റിച്ച് നമ്മുക്ക് ഈ തിരുവചനത്തിൽനിന്നും മനസ്സിലാക്കി എടുക്കുവാൻ കഴിയും ഒന്ന് ജീവിതത്തിൽ നമ്മുക്ക് നേരിടുന്ന അൽപായുസ്സുകളായ പരാ ജയങ്ങൾ ദൈവത്തിന്റെ വെളിപ്പെടുത്തലുകൾക്കുള്ള നിമിത്തങ്ങളാണ്. ശിമ യോൻ പത്രോസിന്റെ നേതൃത്വത്തിലുള്ള മീൻ പിടുത്തക്കാരുടെ ജീവിത ത്തിന്റെ പരാജയമാണ് ക്രിസ്തു ഉത്ഥാനം ചെയ്തു എന്ന് വെളിപ്പെടുത്തുന്ന ഒരു സംഭവമായി ചരിത്രത്തിൽ ഇടം നേടിയത്. അത് ഇന്നും വായിക്കപ്പെടു ന്നു. നമ്മുടെ ജീവിതത്തിലെ പരാജയങ്ങൾ ഒരു പക്ഷെ നമ്മുടെ ജീവിത കാലം മുഴുവൻ നിലനിൽക്കുന്ന ദൈവാനുഭവത്തിനുള്ള നിമിത്തങ്ങളായി രിക്കാം. അതിനാൽ പരാജയങ്ങളിലെ ദൈവത്തിന്റെ സ്വരം തിരിച്ചറിയുക. നമ്മുടെ പരാജയങ്ങൾക്ക് ഒരു കാരണം കൂടി കർത്താവ് ഇന്ന് വെളിപ്പെടു ത്തുന്നു. കർത്താവ് ഉദ്ദേശിക്കുന്ന രീതിയിലുള്ളതല്ല നമ്മുടെ പരിശ്രമങ്ങൾ. കർത്താവിന്റെ മനസ്സ് അറിയുന്നവനാണ് വിജയങ്ങൾ ഉണ്ടാകുക. കർത്താ വിന്റെ മനസ്സ് അറിയുക എന്നതാണ് ഉത്ഥാനാനുഭവം. സഹനത്തിലൂടെയാണ് കർത്താവ് ഉത്ഥാനം ചെയ്തത്. ഇത് തന്നെയായിരിക്കണം നമ്മുടെയും ജീവി തത്തിന്റെ പ്രമാണം. ക്രിസ്തുവിന്റെ സഹനങ്ങളിൽ പങ്കാളിത്തമുള്ള ഒരു ഉത്ഥാനനുഭവം.

ഇന്നത്തെ തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്ന പരാജയങ്ങളിൽ ഉപേ ക്ഷിക്കാത്ത കർത്താവ് വിജയങ്ങളിൽ കരുതലുള്ളവനാണ്, എന്നത്രേ കർത്താ വിന്റെ വാക്കുകൾ അനുസരിച്ച് വിജയിച്ച് വരുന്നവർക്ക് പ്രാതൽ ഒരുക്കി കാത്തിരിക്കുവാൻ കഴിയുന്ന ഒരു ദൈവീക സങ്കൽപം നമ്മുടെ ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ഭാഗമാണ് ദൈവാനുഭവത്തിലേക്ക് വന്നവർ തിരിച്ച് ഞങ്ങളുടെ ജീവിതത്തിന്റെ ഇരുൾനിറഞ്ഞ മേഖലകളിലേക്ക് തിരിച്ചുപോ യാൽ അത്ര വിജയകരമായിരിക്കുകയില്ല ആ അനുഭവം എന്ന യാഥാർത്ഥ്യവും കർത്താവ് നമ്മെ ഇന്ന് മനസ്സിലാക്കിത്തരുന്നു. പരാജയത്തിന്റെ ഇരുൾ

നിറഞ്ഞ രാത്രികൾക്ക് അവസാനമുണ്ടാകുമെന്നും വിജയത്തിന്റെ പ്രഭാതത്തിലേക്ക് നമ്മെ നയിക്കുവാൻ കർത്താവ് ഉണ്ടാകുമെന്നുമുള്ള ഉറപ്പ് ജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. പരാജയത്തിൽ ഉപേക്ഷിക്കാത്ത കർത്താവ് വിജയങ്ങളിൽ കരുതലുള്ളവനുമാണ്.

നമ്മുടെ അനുദിന ജീവിതത്തിൽ ഈ തിരുവചനത്തിന്റെ പ്രസക്തി വളരെ വലുതാണ്. നമ്മുക്കുവേണ്ടി ഭക്ഷണമൊരുക്കി കാത്തിരിക്കുന്നവർ നമ്മുടെ ജീവിതത്തിന്റെ വിജയങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നവരാണ്. നമ്മുടെ ജീവിതത്തിലുള്ള എല്ലാ വിജയങ്ങൾക്കും കർത്താവിന്റെ പങ്കാളിത്തമുണ്ട്. നാം പിടിച്ചുകൊണ്ടുവരുന്ന മീനും കർത്താവ് ഒരുക്കുന്ന ഭക്ഷണത്തിന്റെ ഭാഗമാണ്. നമ്മുടെ അദ്ധ്വാനത്തെയും വിലമതിക്കുന്നതാണ് കർത്താവിന്റെ ശൈലി. ഈ ശൈലി നാം വളർത്തിയാൽ കുടുംബബന്ധങ്ങൾ കൂടുതൽ നന്മകളുള്ളതാകും. എല്ലാവിധ പരിശ്രമങ്ങൾക്കും വിലയുണ്ട്. നമ്മുടെ ജീവിതത്തെ പലവിധത്തിൽ സഹായിക്കുന്നവർ നമ്മുടെ കരുതലിന്റെ ഭാഗമായി തീരുകയാണ്. കർത്താവിന്റെ വചനം ശ്രവിക്കുവാൻ തയ്യാറാകുന്നവന് ലഭിക്കുന്ന അനുഗ്രഹങ്ങളുടെ ആധിക്യം അവന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുവാൻ സഹായിക്കും. എന്നെ ദൈവം എന്തിനാണ് ഇത്രയും സ്നേഹിക്കുന്നത് എന്ന നമ്മുടെ ചോദ്യത്തിന് ഉത്തരമാണ് ഒരുവന്റെ ജീവിതത്തിന്റെ യഥാർത്ഥ ചിത്രം അവന് ബോധ്യപ്പെടുത്തി നൽകുന്നതിനുവേണ്ടിയാണ്. അനുഗ്രഹങ്ങൾ തിരിച്ചറിവുകളിലേക്ക് തുറക്കുന്ന വാതിലുകളാണ് എന്നും ഇന്നത്തെ തിരുവചനം നമ്മുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്.

**ഫാ. പ്രസാദ് കുരിശിങ്കൽ സി.എസ്.റ്റി.**